No. CEE/3393/LLM-2019/TA2

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എൽ.എൽ.എം. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2019–20 ഓൺലൈൻ മോപ്പ്–അപ് അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

കേരളത്തിലെ സർക്കാർ ലോ കോളേജുകളിലെയും സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെയും 2020–21 വർഷത്തെ എൽഎൽ.എം കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള ഓൺലൈൻ മോപ്പ്–അപ് അലോട്ടുമെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **25.06.2020** വൈകുന്നേരം **05.00** മണി വരെ മേൽ വെബ് സൈറ്റിലൂടെ നൽകിയിട്ടുള്ള ഓൺലൈൻ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്.

വെബ്സൈറ്റിലെ '<u>LL.M 2019-Candidate Portal</u>' -ലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും കൃത്യമായി നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Allotment Result'** എന്ന മെനു ഐറ്റത്തിൽ ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് തങ്ങളുടെ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് മെമ്മോയിൽ വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ, ട്യൂഷൻ ഫീസ് തുടങ്ങിയ വിവരങ്ങൾ ലഭ്യമാണ്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുക്കേണ്ടതാണ്. കൂടാതെ ഹോം പേജിൽ പ്രവേശിച്ചതിനുശേഷം **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് അവരുടെ ഡാറ്റാ ഷീറ്റിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അവരുടെ അലോട്ട്മെന്റ് മെമ്മോയും ഡാറ്റാ ഷീറ്റും പ്രോസ്പെക്ടസ് ഖണ്ഡിക 20 ൽ പറയുന്ന അസ്സൽ രേഖകളും സഹിതം **27.06.2020** മുതൽ **29.06.2020 വൈകുന്നേരം 4.00** മണിക്ക് മുമ്പായി ബന്ധപ്പെട്ട കോളേജിൽ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മുഴുവൻ ഫീസും കോളേജിൽ ഒടുക്കേണ്ടതാണ്. ഓൺലൈൻ മോപ്പ്–അപ് അലോട്ട്മെന്റ് വഴി ലഭിക്കുന്ന അലോട്ട്മെന്റ് സ്വീകരിക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്. നിലവിൽ അഡ്മിഷനിൽ ഇരിക്കുന്ന വിദ്യാർത്ഥിക്ക് ഈ അലോട്ട്മെന്റ് പ്രകാരം സീറ്റ് മാറി കിട്ടുകയാണെങ്കിൽ നിലവിലെ സീറ്റ് റദ്ദാകുന്നതാണ്. കോളേജ് പ്രിൻസിപ്പൽമാർ **29.06.2020 വൈകുന്നേരം 5.00** മണിക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം.

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
26.06.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**